**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2364** **12-10-2021 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | എം.എൽഎ.മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി അതാത് വകുപ്പ് തലവൻമാർക്ക് 39 ശീർഷകങ്ങളിലായി തുക അനുവദിച്ച് നല്കിയിട്ടുണ്ട്. Letter of Credit, Special Letter of Credit എന്നിവയിൽ നിന്നും ആസ്തി വികസന പദ്ധതി പേയ്മെന്റ് ഒഴിവാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകത്തിൻ കീഴിൽ തുക അപര്യാപ്തമാണെന്ന് അറിയിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് അധിക ധനാനുമതിയിലൂടെ തുക ഉടനടി അനുവദിച്ച് നല്കാറുണ്ട്. നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് ബില്ലുകൾ മാറി നല്കാറുള്ളതാണ്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്കായി ഓരോ വർഷവും ഒരു എം.എൽ.എയ്ക്ക് 1 കോടി രൂപ എന്ന നിരക്കിൽ മൂന്ന് ഗഡുക്കളായി 4250-00-800-99 - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (പ്ലാൻ) എന്ന ശീർഷകത്തിൻ കീഴിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നല്കാറുണ്ട്. ഏതെങ്കിലും കളക്ടേറ്റിൽ നിന്നും തുക അപര്യാപ്തമാണെന്ന് അറിയിക്കുന്ന പക്ഷം അടിയന്തിരമായി തുക അനുവദിച്ച് നല്കാറുണ്ട്. |
| (ബി) | പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട് ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട് ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ